# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3161** — **13-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി പ്രവേശനത്തിന്റെ കണക്കുകൾ ലഭ്യമാണോ; സർക്കാർ, സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻ വർഷത്തെ കണക്കുകളിൽ നിന്നും വന്ന മാറ്റം അറിയിക്കാമോ; | (എ) | ലഭ്യമാണ്. ക്ലാസ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്ലാസ്സ് | സർക്കാർ | എയ്ഡഡ് | ആകെ |
|---|---|---|---|
| 1 | -15380 | -22142 | -37522 |
| 2 | 2936 | 3934 | 6870 |
| 3 | 4087 | 4919 | 9006 |
| 4 | 5053 | 5192 | 10245 |
| 5 | -7134 | 39679 | 32545 |
| 6 | 4380 | 9043 | 13423 |
| 7 | 4311 | 5879 | 10190 |
| 8 | 26992 | 1799 | 28791 |
| 9 | 2730 | 5279 | 8009 |
| 10 | 1560 | -669 | 891 |

2022-23 അധ്യയന വർഷം സർക്കാർ/ എയ്ഡഡ് സ്കൂളുകളിലായി ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 37522 കുട്ടികളുടെ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2022-23 അധ്യയന വർഷം 2 മുതൽ 10 വരെ ക്ലാസ്സുകളിലായി സർക്കാർ മേഖലയിൽ 44915 ഉം, സർക്കാർ എയ്ഡഡ് മേഖലയിൽ 75055 ഉം ഉൾപ്പെടെ ആകെ 119970 വിദ്യാർത്ഥികളുടെ വർദ്ധനവാണ് മുൻ വർഷത്തെ അപേക്ഷിച്ച് പൊതുവിദ്യാലയ ങ്ങളിൽ ഉണ്ടായിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തി സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2016 മുതൽ നടപ്പാക്കിയ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി |

| | | | |
|---|---|---|---|
| | | | അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം ഉറപ്പുവരുത്തുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. കുട്ടികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി പഠന രീതി പരിഷ്കരിക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണിത്. ഗുണമേന്മ യുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്നതാണ് നിലപാട്.<br><br>പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി (45000 ക്ലാസ് മുറികൾ) ഹൈടെക് ഭൗതികസൗകര്യങ്ങൾ സംസ്ഥാനത്തുടനീളം ഇതിനകം സജ്ജമായിട്ടുണ്ട്. ഇതുവഴി പൊതുയിടമായ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി പൊതുവിദ്യാലയ ങ്ങളുടെ മുഖച്ഛായയാകെ മാറി.<br><br>കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും വിറങ്ങലിച്ചു നിന്നപ്പോഴും കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ പഠനത്തിലൂടെ കുട്ടികളുടെ അധ്യയനം തടസ്സം കൂടാതെ മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചു. സവിശേഷ ശ്രദ്ധയർഹിക്കുന്ന കുട്ടികൾക്കും റിസോഴ്സ് അധ്യാപകരെ ഉപയോഗിച്ച് White Board എന്ന You tube ചാനൽ വഴി അനുരൂപീകരണ ക്ലാസുകൾ നൽകി. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അധ്യാപകശാക്തീ കരണ പരിപാടി ആസൂത്രണം ചെയ്ത് ഓൺലൈനായും ഓഫ് ലൈനായും യഥാസമയം നടപ്പിലാക്കി. ഓരോ സ്കൂളിനെയും മികവിന്റെ കേന്ദ്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ സ്കൂളുകളിൽ അക്കാദമിക മുന്നേറ്റത്തിന് സ്കൂൾതല മാസ്റ്റർ പ്ലാനുകൾക്ക് രൂപം നൽകി. ഓരോ സ്കൂളിന്റെയും പ്രദേശത്തിന്റെയും സവിശേഷ തകൾ ഉൾക്കൊണ്ട് ദീർഘവീക്ഷണ ത്തോടെയാണ് ഇത് തയ്യാറാക്കുന്നത്.<br><br>തൊഴിൽ നൈപുണി, ദുരന്തനിവാരണം തുടങ്ങിയ മേഖലകൾ 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുകയും ക്യൂ.ആർ. കോഡ് പതിപ്പിക്കുകയും ചെയ്തു. ഡിജിറ്റൽ വിഭവങ്ങൾ ഉൾപ്പെടുത്തി സമഗ്ര പോർട്ടൽ ഒരുക്കി. സഹിതം മെന്ററിംഗ് പോർട്ടൽ വഴി കുട്ടിയെ അറിയുകയും ആസൂത്രണത്തോടെ കുട്ടിയെ പിന്തുണ ക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സമഗ്ര പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്ന താണ്. |
| (സി) | സ്കൂളുകൾക്ക് നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന മാനദണ്ഡം അറിയിക്കാമോ? | (സി) | സ്കൂളുകളുടെ നിലവാരത്തിന്റെ അടിസ്ഥാന ത്തിൽ ഗ്രേഡിംഗ് നടത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ